"ഭരണഭാഷ
മാതൃഭാഷ"

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം.സിഡിഎൻ.4/228/2019/പൊഭവ    തീയതി, തിരുവനന്തപുരം,23.11.2019

**<u>സർക്കുലർ</u>**

വിഷയം:- **പൊതുഭരണ വകുപ്പ് - സെക്രട്ടേറിയറ്റിൽ സംഘടിപ്പിക്കുന്ന വിവധ പ്രതിജ്ഞ ചടങ്ങുകൾക്ക് ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് സംബന്ധിച്ച്**

**************************

ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ സമുചിതമായി ആചരിക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ സംഘടിപ്പിക്കുന്ന വിവിധ പ്രതിജ്ഞാ ചടങ്ങുകൾക്കും മറ്റും ജീവനക്കാരുടെ പങ്കാളിത്തത്തിൽ ഗണ്യമായ കുറവ് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുണ്ട്.കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഇത്തരം പ്രതിജ്ഞാ ചടങ്ങുകളിലെ ജീവനക്കാരുടെ അഭാവം പ്രതിജ്ഞാ ചടങ്ങളുടെ മാറ്റ് കുറയ്ക്കുന്നതിന് കാരണമാകുന്നു.ആയതിനാൽ സെക്രട്ടേറിയറ്റിൽ നടത്തുന്ന എല്ലാ പ്രതിജ്ഞാ ചടങ്ങുകളിലും എല്ലാ ജീവനക്കാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ എല്ലാ ജീവനക്കാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ(ഹൗസ് കീപ്പിംഗ്,പൊളിറ്റിക്കൽ)വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**